Mar Thoma Residential School, Tiruvalla

Model Examination. 2019

Std. XII Marks 100

# MALAYALAM

**(*Three hours*)**

*(Candidates are allowed additional 15 minutes for **only** reading the paper. They must NOT start writing during this time)*

---

*Answer questions **1, 2** and **3** in Section **A** and **four** other questions from Section **B** on at least **three** of the prescribed textbooks.*

*The intended marks for questions or parts of questions are given in brackets [ ].*

---

## SECTION A

1. **Write a composition in Malayalam on any ONE of the topics given below :—** [20]

താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ഒരു ഉപന്യാസം എഴുതുക: (നാനൂറ് വാക്കിൽ കുറയാതെ)

i) പരസ്യങ്ങളിലെ സത്യവും മിഥ്യയും.

ii) സാധാരണക്കാരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദികളാണ് ടെലിവിഷനിലെ ടാലന്റ് ഷോകൾ- ചർച്ച ചെയ്യുക?

iii) പ്രകൃതി നമുക്കു നൽകിയ തിരിച്ചടിയാണ്- പ്രളയക്കെടുതികൾ- പരിശോധിക്കുക?

iv) 'മാധ്യമ വിശ്വാസ്യത' എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യസിക്കുക

v) ഭാരതം 2050- നിങ്ങളുടെ കാഴ്ചപ്പാട് വിവരിക്കുക?

vi) താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെ ആസ്പദമാക്കി ഒരു കഥയെഴുതുക

a) കുട്ടിക്കാലം b) ഓർമ്മപ്പെടുത്തൽ

Question 2:-

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ബുദ്ധക്ഷേത്രങ്ങൾ ഏറെയുള്ള നഗരമാണ് തായ്‌ലൻഡിലെ ബാങ്കോക്ക്. ബാങ്കോക്കിലെ ഒരു ചെറിയ ക്ഷേത്രത്തിൽ പത്തടി ഉയരമുള്ള ഒരു ബുദ്ധപ്രതിമയുണ്ട്. രണ്ടര ടൺ ഭാരമുള്ള ഈ പ്രതിമ മുഴുവൻ സ്വർണമാണത്രേ. സ്വർണപ്രതിമ. കൂടെ മുഖവില മുന്നൂറിമുപ്പത്തിയാറുകോടി രൂപ വരുമെന്ന കണക്കാക്കപ്പെടുന്നു.

ഈ പ്രതിമയ്ക്കു പിന്നിൽ രസാവഹമായൊരു കഥയുണ്ട്. 1957 ന മുമ്പ് ഈ പ്രതിമ വേറൊ ക്ഷേത്രത്തിലായിരുന്നു സ്ഥാപിച്ചിരുന്നത്. അക്കാലത്ത് ആർക്കും അറിഞ്ഞുകൂ ഇത് സ്വർണപ്രതിമയാണെന്ന് മണ്ണുകൊണ്ട് പൂശപ്പെട്ടിരു യിരുന്നു. സാധാരണ മണ്ണുതന്നെയാണെന്നാണ് ഈ പ്രതിമ വെറും മണ്ണുതന്നെയാണെന്നാണ് എല്ലാവരും കരുതിയിരുന്നത്.

1957ൽ, ബാങ്കോക്ക് നഗരത്തിലൂടെ കടന്നു-പോകുന്ന ഒരു ഹൈവേ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഈ പ്രതിമ സ്ഥാപിക്കപ്പെട്ടിരുന്ന ബുദ്ധക്ഷേത്രം പൊളിച്ചു മാറ്റേണ്ടതായിവന്നു. തദവസരത്തിൽ പ്രതിമ മറ്റൊരു ക്ഷേത്രത്തിലേക്ക് മാറ്റാൻ അധികാരികൾ തീരുമാനിച്ചു. എന്നാൽ പ്രതിമ മാറ്റുവാൻ ശ്രമിച്ച അവസരത്തിൽ ശക്തമാ മഴ പെയ്തതുമൂലം പ്രതിമ നനഞ്ഞു. മോശമാ തിരിക്കാൻ വേണ്ടി ഒരു ടാർപോളിൻ കൊണ്ടുമൂ പ്രതിമ മാറ്റിസ്ഥാപിക്കുന്ന പരിപാടി തൽക്കാലം മാറ്റിവയ്ക്കുകയും ചെയ്തു.

അന്നു വൈകിട്ട് ബുദ്ധസന്യാസിമാരിൽ ഒരാൾ പ്രതിമയുടെ സ്ഥിതി എങ്ങനെയായി എന്നറിയാൻ ടാർപോളിൻ പൊക്കിനോക്കി. ആ സന്യാസി ഉപയോഗിച്ച ഫ്ലാഷ്‌ലൈറ്റ് പ്രതിമയ്

... എന്തോ പ്രതിഫലിപ്പിക്കുന്നതായി തോന്നി. പ്രതിമ മാറ്റുന്നതിനിടയിൽ വിള്ളലിനിടയിൽ നിന്നാണ് അതിനു സംഭവിച്ച പ്രകാശത്തിന്റെ പ്രതിഫലനം ഉണ്ടായത്.

അടുത്തു ചെന്നു നോക്കിയപ്പോൾ ആ പ്രതിമയുടെ മണ്ണിനടിയിൽ എന്തോ ഉള്ളതുപോലെ തോന്നി. പിന്നീട് ആശ്രമത്തിൽ ചെന്ന് ഉളിയും കൊട്ടുവടിയും എടുത്തുകൊണ്ടുവന്ന് ആ സന്യാസി പ്രതിമയുടെ മുകൾ ഭാഗത്തെ മണ്ണു മാറ്റുവാൻ തുടങ്ങി. അത്ഭുതം, ആ പ്രതിമ ഒരു സ്വർണ്ണപ്രതിമയായിരുന്നു! പ്രതിമയുടെ മുകളിലുള്ള മണ്ണു മുഴുവനും ഉടച്ചു കഴിഞ്ഞപ്പോൾ തനി സ്വർണ്ണത്തിലുള്ള പ്രതിമ കാണാനായി.

ഈ സ്വർണ്ണപ്രതിമയുടെ പിന്നിൽ ചരിത്രമൊളിഞ്ഞു കിടപ്പുണ്ടെന്ന് ചരിത്രകാരന്മാർ വിശ്വസിക്കുന്നു. വളരെയേറെ വർഷങ്ങൾക്കു മുമ്പ് ബർമ്മ, തായ്‌ലൻഡിനെ ആക്രമിച്ച അവസരത്തിൽ തങ്ങളുടെ സ്വർണ്ണപ്രതിമ നഷ്ടപ്പെടാതിരിക്കാൻ ബുദ്ധസന്യാസികൾ ആ പ്രതിമയ്ക്കു മണ്ണുകൊണ്ട് ഒരു ആവരണം നൽകിയതായിരിക്കണം. എന്നു ചരിത്രകാരന്മാർ അനുമാനിക്കുന്നു. ഒരുപക്ഷേ അന്നുണ്ടായിരുന്ന എല്ലാ ബുദ്ധസന്യാസികളും ബർമ്മയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടുപോയതു കൊണ്ടായിരിക്കണം ആ പ്രതിമയുടെ രഹസ്യം പിൻതലമുറ അറിയാതെ പോയത്.

മണ്ണുകൊണ്ട് ആവരണം ചെയ്യപ്പെട്ട ഒരപൂർവ്വ സ്വർണ്ണ പ്രതിമ. ഒരുപക്ഷേ, ഈ പ്രതിമയുടെ കഥ നമ്മുടെയും കഥയല്ലെന്ന് ആർക്കു പറയാൻ കഴിയും.?

യഥാർത്ഥത്തിൽ, ഉള്ളിന്റെയുള്ളിൽ തനിത്തങ്കമല്ലേ നാമെല്ലാവരും? കൊച്ചുനാളിൽ നാമെല്ലാവരും എത്ര നിർമ്മലരും നിഷ്കളങ്കരുമായിരുന്നു. നമ്മുടെ നിഷ്കളങ്കതയും നന്മയുമൊക്കെ വഴി അന്നൊക്കെ എത്രയോ പേർക്കു നാം സ്വർഗീയാനന്ദം നൽകിയിട്ടുണ്ടാകണം.

എന്നാൽ, നാം വളർന്നതോടൊപ്പം നാം അറിയാതെയും അറിഞ്ഞും എത്രയോ ആവരണങ്ങൾ നമ്മുക്കുണ്ടായി. നമ്മുടെ നിഷ്കളങ്കതയും നിർമലതയും മുകളിലായി എത്രയോ ദുർഗുണങ്ങളാൽ നാം ആവരണം ചെയ്യപ്പെട്ടുപോയി. ഇന്ന് നാം നമ്മെത്തന്നെ പരിശോധിക്കുമ്പോൾ കാണുന്നതു നമ്മുടെ ഉള്ളിന്റെ ഉള്ളിലുള്ള തനിത്തങ്കമാണോ? ഒരുപക്ഷേ, ഒട്ടേറെ തിന്മകളാൽ നാം ആവരണം ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ടു നമ്മുടെ ഉള്ളിന്റെയുള്ളിൽ തനിത്തങ്കമുണ്ടെന്ന വസ്തുതപോലും നമുക്കറിയില്ലായിരിക്കാം.

സംശയം വേണ്ട, ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ നമ്മുടെ ഉള്ളിന്റെയുള്ള് തനിത്തങ്കമായിരുന്നു. എന്നാൽ നമ്മുടെ വളർച്ചയുടെ വഴിയിൽ ഒട്ടേറെ മണ്ണും ചെളിയും നമ്മിൽ അടിഞ്ഞുകൂടാൻ നാം ഇടയാക്കി.

ബുദ്ധപ്രതിമയുടെ വിള്ളലിനുള്ളിൽ നിന്നു പ്രകാശം പ്രതിഫലിച്ചപ്പോൾ ആ ബുദ്ധസന്യാസി പ്രതിമയെ ആവരണം ചെയ്ത മണ്ണു മുഴുവനും അടർത്തിക്കളഞ്ഞു. അപ്പോഴാണ് സ്വർണപ്രതിമ അതിന്റെ ശരിരൂപത്തിൽ കാണാനിടയായത്.

ഇതുപോലെ നമ്മെ ആവരണം ചെയ്തിരിക്കുന്ന അഴുക്കും ചെളിയും നമ്മിൽനിന്നു കഴുകി മാറ്റാൻ സാധിച്ചാൽ നമ്മിലെ തനിത്തങ്കം നമ്മിൽ നിന്നു പ്രകാശിക്കുമെന്നു തീർച്ചയാണ്.

ചോദ്യങ്ങൾ

1. ബുദ്ധപ്രതിമ മാറ്റി സ്ഥാപിക്കാനുള്ള കാരണമെന്ത്? [4]

ii) പ്രസ്തുത പ്രതിമയെക്കുറിച്ചു ജനങ്ങൾക്കുള്ള ധാരണ എന്തായിരുന്നു? [4]

പ്രതിമക്കു പിന്നിലുള്ള രസാവഹമായ കഥയെന്ത്? [4]

പിൻ തലമുറ അറിയാതെ പോയ രഹസ്യമെന്ത്? [4]

ഈ ഗദ്യഭാഗത്തിലൂടെ ലേഖകൻ നമുക്കു നൽകുന്ന സന്ദേശമെന്ത്? [4]

Question 3.

a) തിരുത്തിയെഴുതുക. [4]

i) വയോധികരായ വൃദ്ധമഹാവ്യക്തികളെ ബഹുമാനിക്കണം.

ii) ധനവാൻമാരെ അപേക്ഷിച്ച് സാധാരണക്കാരുടെ ജീവിതം താരതമ്യേന സുഖകരമാണ്.

iii) സത്യാവസ്ഥ മനസ്സിലായപ്പോൾ പിന്നീട് കുമാരൻ പശ്ചാത്തപിച്ചു.

v) സ്വാതിതിരുനാളിന് സംഗീതത്തിൽ മാത്രമല്ല വിവിധങ്ങളായ പല വിഷയങ്ങളിലും പാണ്ഡിത്യമുണ്ടായിരുന്നു

b) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണം വാക്യത്തിൽ പ്രയോഗിക്കുക [6]

i. ചന്ദ്രഹാസമിളക്കുക

ii) അബദ്ധപഞ്ചാംഗം

iii) കലക്ക വെള്ളത്തിൽ മീൻ പിടിക്കുക

iv) അക്കരപ്പച്ച.

## Section B.

മൂന്ന് പുസ്തകങ്ങളിൽ നിന്നുമായി നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

1. ഗദ്യകൈരളി

Question 4

" നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്ത് ആ വർഗം

അതിനുള്ള പക്വതയാർജ്ജിച്ചിട്ടില്ല എന്നാണ് എന്റെ അഭിപ്രായം'

i) ഏതു വർഗത്തെക്കുറിച്ചാണ് ലേഖകൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്? [3]

ii) 'ഞാനത് അർഹിക്കുന്നുണ്ടെങ്കിൽ എനിക്കുകൊണ്ട' - എന്ന ലേഖകൻ പറയുന്നതെന്തുകൊണ്ട്?

iii) ദാരിദ്ര്യരേഖയ്ക്കു കീഴെയുള്ളവർ എന്ന പദപ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതാരെയെല്ലാം? [3]

iv) സാഹിത്യകാരന്റെ ലക്ഷ്യത്തെക്കുറിച്ച് ലേഖകൻ പറയുന്നതെന്ത്? [3½]

Question 5

"നാളെ സൂര്യോദയം എന്നൊന്നുണ്ടെങ്കിൽ നിന്നെ ദില്ലിയിൽ കണ്ടുപോകരുത്" - പറഞ്ഞ ഇങ്ങനെ പറയാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച സംഭവങ്ങളെന്തെല്ലാം? [12

Question 6

'എവിടെയോ തോർന്നതിരുന്നവഴ്' എന്ന കഥയിലൂടെ കഥാകൃത്തു വരച്ചുകാട്ടാൻ ശ്രമിക്കുന്നതെന്ത്? [12½

## അസുരവിത്ത്

Question 7

"എനിയ്ക്കെല്ലാം മനസ്സിലാകുന്നു - ഞാൻ വിഡ്ഢിയായിരുന്നു. ലോകം കണ്ട ഏറ്റവും വലിയ വിഡ്ഢി"

i) ഗോവിന്ദൻകുട്ടി ഇങ്ങനെ ചിന്തിക്കാൻ കാരണ

ii) അയാൾക്കെപ്പോൾ ബോധമുണ്ടായിരുന്നില്ല. എപ്പോൾ? [3

iii) അയാൾക്കു സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. കാരണം?

iv) നിരത്തിൽ നിന്ന് പൂന്തോട്ടത്തിലെ പടിക്കലേക്കു നോക്കിയ ഗോവിന്ദൻകുട്ടി കണ്ട കാഴ്ച എന്ത്? [3

Question 8.

മക്കത്തായത്തിന്റെയും മരുമക്കത്തായത്തിന്റെയും നല്ലതല്ലാത്ത വശങ്ങൾ മാത്രം സമ്മേളിക്കുന്ന ഒരവസ്ഥാവിശേഷമാണ് അസുരവിത്തിലെ ഇതിവൃത്തത്തിന്റെ പശ്ചാത്തലം - പരിശോധിക്കുക? [12½]

Question 9

"കുഞ്ഞേന്ത്യാപ്പേട്ടൻ" എന്ന കഥാപാത്രത്തെ തന്മയത്വമായി അവതരിപ്പിക്കുന്നതിൽ എം.ടി. എത്രമാത്രം വിജയിച്ചിരിക്കുന്നു? പരിശോധിക്കുക? [12½]

ആ മനുഷ്യൻ നീ തന്നെ.

Question 10

അങ്ങനെ ഭക്ഷാഭിഷേപിക്കുന്നു. ഇനിയും അവരെ വെച്ചു പിടിച്ചാൽ അതു അവന്റെ പങ്കാളിയാണെന്ന് ഞാൻ പറയും.

i) നാഥാൻ പ്രവാചകൻ പറഞ്ഞ യിസ്രായേലിന്റെ ദൈവമായ യഹോവയുടെ അരുളപ്പാടെന്ത്? [4]

ii) 'ഞാൻ കഷ്ടിച്ചു' എന്ന പറഞ്ഞ ദാവീദിനോട് യോവാബ് പറഞ്ഞതെന്ത്? [2]

iii) നാഥാൻ പ്രവാചകൻ പറഞ്ഞ കഥയെന്ത്? [3]

iv) "യിസ്രായേലിന് ഇങ്ങനെയൊരു രാജാവുണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല" - എന്ന പറയാൻ യോവാബിനെ പ്രേരിപ്പിച്ചതെന്ത്? [3]

Question 11.

"കിരീടം ഒരാനന്ദമല്ല" എന്ന് ദാവീദ് രാജാവ് പറയാൻ കാരണം? [12½

Question 12 :-

"ഊറിയാവിന്റെ ഭാര്യ ഒരു ദീരുവാണെന്ന്" - ഊറി... അങ്ങനെ പറയാനുള്ള കാരണം വിശദമാക്കുക [12